# External Affairs Minister meets Foreign Minister of Uzbekistan

February 25, 2021

# വിദേശകാര്യ ഉസ്ബെക്കിസ്ഥാൻ വിദേശകാര്യമന്ത്രിയെ സന്ദർശിച്ചു.

ഫെബ്രുവരി 25, 2021

ഉസ്‌ബെക്കിസ്ഥാൻ വിദേശകാര്യമന്ത്രിയായ അരി അബ്ദുൽ അസീസ് കാമിലോവ് 2021 ഫെബ്രുവരി 24 -25 തിയ്യതികളിൽ ന്യൂ ഡൽഹി സന്ദർശിച്ചു. വിദേശകാര്യമന്ത്രി ഡോ. എസ് ജയ്ശങ്കറിന്റെയും വിദേശകാര്യമന്ത്രി കാമിലോവിന്റെയും കൂടിക്കാഴ്ച, ഇരു വിഭാഗങ്ങൾക്കും താല്പര്യമുള്ള നിരവധി , ഉഭയകക്ഷി, പ്രാദേശിക, അന്തർദേശീയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് അവസരമൊരുക്കി.

ഇന്ത്യയും ഉസ്‌ബെക്കിസ്ഥാനും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ വശങ്ങൾ മന്ത്രിമാർ അവലോകനം ചെയ്തു. 2020 ഡിസംബർ 11 ന് നടന്ന പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയും ഉസ്‌ബെക്കിസ്ഥാൻ പ്രസിഡൻറ് എ. ശ്രീ. ഷൗകത്ത് മിർസിയോയെവും തമ്മിൽ നനടന്ന ഇന്ത്യ -ഉസ്ബെക്കിസ്ഥാൻ വിർച്വൽ സമ്മിറ്റിന്റെ അനുകൂലകരമായ പ്രത്യഘാതങ്ങൾ ഇവർ വിലയിരുത്തി. യു എൻ ഷാങ്ഹായ് കോപ്പറേഷൻ ഓർഗനൈസേഷൻ, ഇന്ത്യ-മധ്യേഷ്യ സംഭാഷണം എന്നിങ്ങനെയുള്ള പ്രാദേശിക അന്താരാഷ്ട്ര സംഘടനകളിൽ ഇരു രാജ്യങ്ങളും സജീവമായി പങ്കെടുത്തു.

2021 ജൂലൈ 15-16 തീയതികളിൽ ഉസ്ബെക്കിസ്ഥാൻ താഷ്കന്റിൽ സംഘടിപ്പിക്കുന്ന പ്രാദേശിക കണക്റ്റിവിറ്റിയെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി കാമിലോവ് ക്ഷണിക്കുകയുണ്ടായി.

അഫ്ഗാനിസ്ഥാനിലെ വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് ഇരു മന്ത്രിമാരും ചർച്ച ചെയ്യുകയും പ്രാദേശിക സമാധാനത്തിനും

സ്ഥിരതയ്ക്കും സുരക്ഷയ്ക്കും വേണ്ടി സുസ്ഥിരവും സമാധാനപൂര്ണവുമായ അഫ്ഗാനിസ്ഥാന്റെ പ്രാധാന്യം ഇവർ നിരീക്ഷിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**
**25 ഫെബ്രുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.